"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - കോട്ടയം സബ് കോടതിയിലെ എൽ.എ.ആർ. 136/03 നമ്പർ കേസിലെ വിധിക്കടത്തുക അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുമരാമത്ത് (ജി) വകുപ്പ്

സ.ഉ.(സാധാ) നം.669/2026/PWD തീയതി,തിരുവനന്തപുരം, 30-06-2026

പരാമർശം:-
1. G.O(Rt) No.1624/2025/PWD തീയതി, 30/10/2025.
2. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 12-03-2026-ലെ CEPWD/23265/2024-FR7-PWD നമ്പർ കത്ത്.

ഉത്തരവ്

കോട്ടയം ജില്ലയിലെ പാലംകടവ് പാലം നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്തതിനോടനുബന്ധിച്ച് കോട്ടയം സബ്കോടതിയിലെ എൽ.എ.ആർ. 129/2003 നമ്പർ കേസിൽ അനുവദിക്കേണ്ട തുകയായ 2,64,165/- രൂപ (രണ്ട് ലക്ഷത്തി അറുപത്തിനാലായിരത്തി ഒരുന്നൂറ്റി അറുപത്തി അഞ്ച് രൂപ) 5054-04-337-80-00-00-PC എന്ന ശീർഷകത്തിൽ മേൽ പരാമർശം 1 പ്രകാരം അനുവദിച്ചിരുന്നതാണ്.

2. മേൽ വിഷയവുമായി ബന്ധപ്പെട്ട എൽ.എ.ആർ. 136/03 നമ്പർ കേസിന് വിധിക്കടത്തുക നൽകുന്നതിനായി 5,32,843/-രൂപ ആവശ്യമാണെന്നും, പ്രസ്തുത തുക അനുവദിക്കുന്നതിലേക്കായി മുൻപ് അനുവദിച്ച 2,64,165/-രൂപയ്ക്കുള്ള ഭരണാനുമതിയോടൊപ്പം ടി. തുകയും കൂടി ഉൾപ്പെടുത്തി ആകെ 7,97,008/-രൂപയ്ക്കുള്ള (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എട്ട് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-00-00-PC എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മേൽ പരാമർശം 2 പ്രകാരം നിരത്ത് വിഭാഗം ചീഫ് എൻഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലംകടവ് പാലം നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്തതിനോടനുബന്ധിച്ച് കോട്ടയം സബ്കോടതിയിലെ എൽ.എ.ആർ. 136/03 നമ്പർ കേസിന് വിധിത്തുക നൽകുന്നതിനു വേണ്ട 5,32,843/-രൂപ അനുവദിക്കുന്നതിലേക്കായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുവദിച്ച 2,64,165/-രൂപയ്ക്കുള്ള ഭരണാനുമതിയോടൊപ്പം ടി. തുകയും കൂടി ഉൾപ്പെടുത്തി ആകെ 7,97,008/-രൂപയ്ക്കുള്ള (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എട്ട് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-00-00-PC എന്ന ശീർഷകത്തിൽ അനുവദിച്ചുകൊണ്ട് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SATHEESH KUMAR C
ജോയിന്റ് സെക്രട്ടറി

ചീഫ് എൻജിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

സൂപ്രണ്ടിംഗ് എൻജിനീയർ (നിരത്ത് വിഭാഗം), സൗത്ത് സർക്കിൾ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Savitha o.d
Date: 30-06-2026 15:02:17

സെക്ഷൻ ഓഫീസർ